"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് -സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്-Rationalization of Minor Irrigation Statistics-കേന്ദ്ര ജലശക്തി മന്ത്രാലയത്തിൽ നിന്നും മദർ സാങ്ക്ഷനായി അനുവദിച്ച 55,72,488/- രൂപ RMIS CELL ന്റെ ഹോൾഡിങ് അക്കൗണ്ടിലേക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.134/2026/P&EA തീയതി,തിരുവനന്തപുരം, 13-03-2026

പരാമർശം:-
1. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 10.06.2025 തീയതിയിലെ F. No. 1(27)/PFMS/2020 നമ്പർ കത്ത്
2. കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ 29.10.2025 തീയതിയിലെ F. No. V-58024/1/2018-MI(Stat)/246 നമ്പർ കത്ത്
3. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ 17.02.2026, 07.03.2026 എന്നീ തീയതികളിലെ ഡിഇഎസ്/3087/2024-COMP4 നമ്പർ കത്തുകൾ

**ഉത്തരവ്**

കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കീഴിൽ വരുന്ന സംസ്ഥാനത്തിന്റെ State Linked Scheme (SLS)-കൾ 01.11.2025 മുതൽ അടിയന്തരമായി SNA SPARSH പ്ലാറ്റ്ഫോമിലേക്ക് ഓൺബോർഡ് ചെയ്യുന്നതിന് പരാമർശം (1) പ്രകാരം കേന്ദ്ര ധനകാര്യ മന്ത്രാലയം നിർദ്ദേശം നൽകിയിരുന്നു. ഇതേ തുടർന്ന്, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ "KL 25-Rationalization of Minor Irrigation Statistics" (RMIS)"-നെ SNA SPARSH പ്ലാറ്റ്ഫോമിലേക്ക് ഓൺബോർഡ് ചെയ്യുന്നതിന്റെ ഭാഗമായി പ്രസ്തുത പദ്ധതിയുടെ ഘടക പദ്ധതികളായ (1) Statistical Cell (2) Minor Irrigation and Water Body Census (MI & WB Census) എന്നിവയ്ക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ രണ്ട് SLS അക്കൗണ്ടുകൾ ഡയറക്ടർ ആരംഭിച്ചിരുന്നു. എന്നാൽ RMIS വിഭാഗത്തിൽ ഉള്ള സ്റ്റാറ്റിസ്റ്റിക്കൽ സെല്ലിലെ ജീവനക്കാരുടെ ശമ്പളവും അനുബന്ധ അലവൻസുകളും ഉൾപ്പെടുന്ന SLS-KL 25 (Statistical Cell) എന്ന ഘടകം SNA SPARSH പ്ലാറ്റ്ഫോമിലേക്ക് മാറുന്നതിന് സാങ്കേതികമായി തടസ്സങ്ങൾ നിലനിന്നിരുന്നു.

SLS-KL 25 Statistical Cell-ന്റെ പ്രവർത്തനങ്ങൾക്കായി Rs.55,72,488/- (അൻപത്തി അഞ്ച് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി നാനൂറ്റി എൺപത്തിയെട്ട് രൂപ മാത്രം) രൂപയുടെ മദർ സാങ്ക്ഷൻ പരാമർശം (2) പ്രകാരം **Department of Water Resources and River Development, Ministry of Jal Shakti** മന്ത്രാലയത്തിൽ നിന്നും അനുവദിച്ച് ഉത്തരവായിരുന്നു. "KL 25-Rationalization of Minor Irrigation Statistics" (RMIS)-ന്റെ ഭാഗമായിട്ടുള്ള സ്റ്റാറ്റിസ്റ്റിക്കൽ സെൽ ജീവനക്കാരുടെ ശമ്പളം നിലവിൽ SPARK സംവിധാനം വഴിയാണ് വിതരണം ചെയ്യുന്നതെന്നും എന്നാൽ SPARK മുഖേന മാറുന്ന ശമ്പളം സംബന്ധിക്കുന്ന തുക SNA SPARSH സംവിധാനത്തിലൂടെ PFMS മുഖേന സംസ്ഥാന ട്രഷറിയിലേക്ക് തിരികെ അടയ്ക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങളിൽ തീരുമാനം ലഭിക്കാത്തതിനാൽ പ്രസ്തുത തുക പ്രായോഗികമായി പ്രോസസ്സ് ചെയ്ത് വിനിയോഗിക്കാൻ സാധിച്ചിട്ടില്ല എന്നും കേന്ദ്ര സർക്കാർ ചട്ടങ്ങൾ പ്രകാരം, അനുവദിക്കപ്പെട്ട മദർ സാങ്ഷൻ തുക നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് തന്നെ പൂർണ്ണമായും വിനിയോഗിക്കാത്ത പക്ഷം ആയത് ലാപ്സ് ആകുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിൽ തടസ്സം നേരിടുന്നതിനും കാരണമാകുമെന്നും ഡയറക്ടർ അറിയിച്ചിരുന്നു. ടി സാഹചര്യത്തിൽ പരാമർശം (2) പ്രകാരം കേന്ദ്ര ജലശക്തി മന്ത്രാലയത്തിൽ നിന്നും മദർ സാങ്ഷൻ ലഭ്യമായിട്ടുള്ള 55,72,488/- രൂപ, "3454-02-112-87-01 Central Share" എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്കും തുടർന്ന് ടി തുക വകുപ്പ് ഡയറക്ടറുടെ പേരിൽ SBI വികാസ് ഭവൻ ശാഖയിൽ ഉള്ള ഹോൾഡിങ് അക്കൗണ്ടിലേക്കും (Holding Account Number:41672469530) മാറ്റുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം (3) പ്രകാരം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരം **Department of Water Resources and River Development, Ministry of Jal Shakti** മന്ത്രാലയത്തിൽ നിന്നും മദർ സാങ്ക്ഷനായി അനുവദിച്ച **55,72,488/- രൂപ (അൻപത്തിയഞ്ച് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി നാനൂറ്റി എൺപത്തിയെട്ട് രൂപ മാത്രം)**, 3454-02-112-87-01 - Rationalization of Minor Irrigation Statistics (CSS 100%), Central Share എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ പേരിൽ SBI വികാസ് ഭവൻ ശാഖയിൽ ഉള്ള ഹോൾഡിങ് അക്കൗണ്ടിലേക്ക് **(Holding Account Number : 41672469530)** റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ശമ്പളം സ്പാർക്ക് മുഖേന മാറി ടി തുക തിരികെ ഒടുക്കാൻ ചുവടെ പറയുന്ന പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

1. സ്പാർക്ക് മുഖേന ശമ്പളം മാറേണ്ട ശീർഷകത്തിൽ (3454-02-112-87-03-Rationalisation of Minor Irrigation Statistics (CSS 100%), Salary Claims

**Processed through SPARK)** മാറിയതിന് ശേഷം **SNA SPARSH bill BIMS** ൽ **3454-02-112-87-01 - Rationalization of Minor Irrigation Statistics (CSS 100%), Central Share** എന്ന ശീർഷകത്തിൽ എടുക്കേണ്ടതാണ്.

2. **SNA SPARSH** ബിൽ മാറുമ്പോൾ **beneficiary** ആയി **RMIS CELL** ന്റെ **Holding Account** ഉൾപ്പെടുത്തേണ്ടതാണ്. ബിൽ തുക ടി അക്കൗണ്ടിൽ ക്രെഡിറ്റ് ആയതിന് ശേഷം ഉടൻ തന്നെ സംസ്ഥാനത്തിന്റെ **3454-02-112-87-04 - Rationalisation of Minor Irrigation Statistics (CSS 100%), Reduction Towards the Salary Expenditure Claimed Through SPARK** എന്ന ശീർഷകത്തിലേക്ക് **Refund** ചെയ്യേണ്ടതാണ്.

3. **Mother Sanction** ലഭ്യമായിട്ടുള്ള **55.72** ലക്ഷം രൂപ **SLS** -ന് **2025-26** വർഷത്തേക്കാണ് ലഭ്യമായിട്ടുള്ളതെന്നതിനാൽ എത്രയും വേഗം **SPARSH bill** സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടൻറ്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം.
3. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം,
4. ധനകാര്യ വകുപ്പ് **(No. 3440087 :EXP-B3/60/2026-FIN)**
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & മീഡിയ) വകുപ്പ്
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Unnikrishnan Nair. B. S
Date: 13-03-2026 14:18:44